കഴിഞ്ഞ മൂന്നുവർഷത്തിലെ ബഡ്ജറ്റിൽ ചെറുകിട വ്യവസായത്തിനും കരകൗശല വ്യവസായത്തിനും അനുവദിച്ചതും ചെലവാക്കിയതുമായ തുക സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. †

മാർജിൻ മണി വായ്പ (ഈ പദ്ധതി ബാങ്ക് വായ്പയ്ക്ക് ആനുപാതികമായി മാത്രം നൽകുന്നതാണ്), വിപണന പ്രചോദന സഹായം, ടെക്നോളജി റികസന പദ്ധതി എന്നിങ്ങനെയുള്ള ചില പദ്ധതികളിൽ വേണ്ടത്ര അപേക്ഷകൾ ഇല്ലാതിരുന്നതും അർബൻ ഹാത്ത് പദ്ധതിയിൽ കേന്ദ്രാനുമതി ലഭിക്കാതിരുന്നതും മറ്റുമാണ് തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാതെ വന്നതിന്റെ പ്രധാന കാരണം.

## മഞ്ചേരി മണ്ഡലത്തിലെ അക്ഷയ പദ്ധതി

17 [1315] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ അക്ഷയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരി ലോകസഭാ മണ്ഡലത്തിലെ വണ്ടൂർ, നിലമ്പൂർ, മഞ്ചേരി, മലപ്പുറം, കൊണ്ടോട്ടി എന്നീ നിയമസഭാമണ്ഡലങ്ങളിൽ അക്ഷയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ ഊർങ്ങാട്ടിരി, കീഴ്പറമ്പ്, കുഴിമണ്ണ, ചീക്കോട്, അരീക്കോട്, കാവന്നൂർ, പുൽപ്പറ്റ എന്നീ പഞ്ചായത്തുകളിലും മഞ്ചേരി മുനിസിപ്പാലിറ്റിയിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## കൂത്തുപറമ്പ് ബ്ലോക്കിലെ അംഗൻവാടികൾ

18 [1317] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച അംഗൻവാടികൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കൂത്ത്പറമ്പ് ബ്ലോക്കിന്റെ കീഴിൽ എത്ര അംഗൻവാടികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതുതായി അംഗൻവാടികൾ അനുവദിക്കുവാൻ കഴിയുകയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ്-ന്റെ സേവനം അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നതിന് അനുവദിക്കപ്പെട്ട അംഗൻവാടി കേന്ദ്രങ്ങൾ പ്രോജക്ട് മാനദണ്ഡം അനുസരിച്ച് പുനർവിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 14-6-2004-ലെ ജി.ഒ. (ആർ.ടി.) നം. 247/04/ സാക്ഷേവ പ്രകാരം 51 ഐ.സി.ഡി.എസ്. പ്രോജക്ടിൽ 590 അംഗൻവാടി കേന്ദ്രങ്ങൾ പുനർവിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 24 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്.

(സി) 10-ാം പഞ്ചവത്സര പദ്ധതിയിൽ ഇനി ഐ.സി.ഡി.എസ്. വിപുലീകരിക്കാൻ കഴിയില്ലെന്നും, പുതിയ അംഗൻവാടി കേന്ദ്രങ്ങൾ അനുവദിക്കുവാൻ കഴിയില്ലെന്നും കേന്ദ്ര ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ നിലവിലുള്ള അംഗൻ വാടി കേന്ദ്രങ്ങൾ പ്രോജക്ട് മാനദണ്ഡം അനുസരിച്ച് പുനർവിതരണം നടത്തുവാൻ മാത്രമേ കഴിയുകയുള്ളൂ.

അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി വേൾഡ് ബാങ്ക് സഹായം

19 [1320] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി വേൾഡ് ബാങ്കിൽ നിന്ന് ലഭിച്ചിട്ടുള്ള സഹായം എത്രയാണ്: ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് അന്തിക്കാട് ബ്ലോക്കുകളിൽ അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) അംഗൻവാടികളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിനാൽ കൂടുതൽ കുട്ടികളെ ചേർക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. 3-ാം ഘട്ട പ്രോജക്ടുകളുടെ പരിധിയിൽ 1600 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ലോക ബാങ്ക് വിഹിതമായി 15 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ആകെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly